പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചിഹ്നമിടാത്ത ചോദ്യം നം. 2466 — 07/10/2016 ൽ മറുപടിക്ക്

## തെരുവുനായ്ക്കളുടെ ശല്യം

| ചോദ്യം | മറുപടി |
|---|---|
| ഡോ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം കാരണമുണ്ടായ അപകടങ്ങളുടെ എണ്ണം എത്ര; ഇതിൽ സൈക്കിൾ യാത്രക്കാർക്കുണ്ടായ അപകടം എത്ര; എത്രപേർ മരണപ്പെട്ടു; വിശദമാക്കാമോ; | എ) തെരുവ് നായ്ക്കളുടെ ശല്യം മൂലം 752 അപകടങ്ങൾ ഉണ്ടായതായി വിവരം ലഭിച്ചിട്ടുണ്ട്. ആയതിൽ 234 സൈക്കിൾ യാത്രക്കാർക്ക് അപകടം സംഭവിച്ചിട്ടുണ്ട്. ആളപായം ഒന്നും തന്നെ സംഭവിച്ചതായി വിവരം സർക്കാരിന് ലഭിച്ചിട്ടില്ല. |
| ബി) മോട്ടോർ സൈക്കിൾ യാത്രക്കാർക്ക് തെരുവ് നായ്ക്കൾ മൂലമുണ്ടായ അപകടങ്ങൾ എത്ര; എത്രപേർ മരണപ്പെട്ടു; വ്യക്തമാക്കാമോ; | ബി) തെരുവ് നായ്ക്കളുടെ ശല്യം മൂലം 317 മോട്ടോർ സൈക്കിൾ യാത്രക്കാർക്ക് അപകടം സംഭവിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ആളപായം ഒന്നും തന്നെ സംഭവിച്ചതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല. |
| സി) തെരുവ് നായ്ക്കളുടെ കടിയേറ്റ് 2016 -ൽ മരിച്ചവരുടെ ആകെ എണ്ണം എത്ര; ഇവർക്ക് സർക്കാർ നൽകിയ ധനസഹായം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | സി) തെരുവ് നായ്ക്കളുടെ കടിയേറ്റ് 2016 -ൽ 9 പേർ മരണമടഞ്ഞതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിൽ കരുംകുളം ഗ്രാമ പഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ കടിയേറ്റ ജീവൻ നഷ്ടപ്പെട്ട വീട്ടമ്മയായ ശ്രീമതി. ശിലുവമ്മയുടെ കുടുംബത്തിന് 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. അടിയന്തിര സഹായമായി 10,000/- രൂപ നൽകിയിരുന്നു. |
| ഡി) തെരുവ് നായ്ക്കളുടെ കടിയേറ്റ് ചികിത്സയിൽ കഴിയുന്നവരുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ സർക്കാർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തവരുടെ വിവരം ലഭ്യമാക്കുമോ; സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരുടെ വിവരം ലഭ്യമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കാമോ? | ഡി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ